**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-120** | **28.06.2016-ലെ മറുപടിക്ക്**

# പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട്

**ചോദ്യം**

**ശ്രീ.എം.രാജഗോപാലൻ**

(എ) കാസർകോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്ന പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് ശുപാർശ ചെയ്ത പാക്കേജിൽ നിന്നും എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അനുവദിച്ചതെന്ന് വർഷം, നിയോജകമണ്ഡലം എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പാക്കേജിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാക്കേജ് പ്രകാരം ശുപാർശ ചെയ്യപ്പെടാത്ത എത്ര പ്രവർത്തികൾ അനുവദിച്ചിട്ടുണ്ടെന്നും ഏത് മാനദണ്ഡ പ്രകാരമാണ് ഇത്തരത്തിൽ അനുവദിച്ചിട്ടുള്ള തെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ.പിണറായി വിജയൻ**
**( ബഹു.മുഖ്യമന്ത്രി)**

(എ) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ട് ശുപാർശ ചെയ്ത പാക്കേജിൽ നിന്നും 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ വിവിധ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ച തുക സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

| നിയോജക മണ്ഡലം | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| മഞ്ചേശ്വരം | 526.58 | 640.00 | 2,113.00 |
| കാസറഗോഡ് | 316.50 | 3,511.00 | 1,090.50 |
| ഉദുമ | 190.45 | 2,400.00 | 1,065.05 |
| കാഞ്ഞങ്ങാട് | 514.00 | 1,292.00 | 2,179.00 |
| തൃക്കരിപ്പൂർ | 382.90 | 860.00 | 1,125.00 |
| പൊതുവിഭാഗം | 510.00 | 560.00 | 835.00 |
| ആകെ | 2440.43 | 9,263.00 | 8,407.55 |

(ബി) കാസറഗോഡ് വികസന പാക്കേജിനായി ആകെ11,123.07 കോടി രൂപ ചെലവ് വരുന്ന പദ്ധതികളാണ് ഡോ.പി.പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്.

(സി) രണ്ട് പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. പൊതുതാല്പര്യാർത്ഥമാണ് പ്രസ്തുത പ്രവൃത്തികൾ അനുവദിച്ചിട്ടുള്ളത്.

സെക്ഷൻഓഫീസർ